**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 242** **10-06-2024 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ മേഖലയിൽ കിഫ്ബിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ കിഫ്ബി വഴി എത്ര കോടി രൂപ പശ്ചാത്തല സൗകര്യങ്ങൾക്കായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക ഉപയോഗിച്ച് എത്ര കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരിക്കാൻ കഴിയാത്ത എത്ര കെട്ടിടങ്ങൾ ഉണ്ടെന്നും അറിയിക്കാമോ? | (എ) | സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് ആകെ 6187.25 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. ആയതിൽ ആകെ 201.73 കോടി രൂപയുടെ 3 പദ്ധതികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുള്ളതും പയ്യന്നൂർ താലൂക്കാശുപത്രി, ചിറ്റൂർ താലൂക്കാശുപത്രി, കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയുടെ സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി പ്രവർത്തന സജ്ജമായിട്ടുള്ളതുമാണ്. ബാക്കിയുള്ള 5985.52 കോടി രൂപയുടെ 70 പദ്ധതികൾ അവയുടെ നടപ്പിലാക്കലിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.<br><br>സംസ്ഥാനത്ത് 50 % കിഫ്ബി ഫണ്ടും 50 % എം.എൽ.എ ഫണ്ടും ഉപയോഗിച്ച് ഓരോ നിയോജക മണ്ഡലത്തിലും 1.75 കോടി രൂപ ചെലവ് വരുന്ന 10 കിടക്കകൾ വീതമുള്ള ഐസോലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയിൽ ആദ്യ ഘട്ടത്തിൽ തെരെഞ്ഞെടുത്തിരുന്ന 90 സ്ഥാപനങ്ങളിൽ 82 സ്ഥാപനങ്ങളിൽ നിർമ്മാണം ആരംഭിക്കുകയും ആയതിൽ 49 സ്ഥാപനങ്ങളിൽ പണി പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ